# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നം.516</u>      <u>06.07.2012 ൽ മറുപടിക്ക്</u>

<u>എല്ലാ ബ്ളോക്ക് പഞ്ചായത്തിലും സ്പെഷ്യാലിറ്റി വിഭാഗങ്ങളോട്ടുകൂടിയ ചികിത്സാ സൗകര്യം</u>

<u>ചോദ്യം</u>

ശ്രീ. കെ.കെ. നാരായണൻ
" ബി. സത്യൻ
ശ്രീമതി കെ.കെ. ലതിക
ശ്രീ. കെ.വി. വിജയദാസ്

(എ) എല്ലാ ബ്ളോക്ക് പഞ്ചായത്തിലും ഒരു ആശുപത്രിയിലെങ്കിലും ജനറൽ മെഡിസിൻ, ഗൈനക്കോളജി, സർജറി, പീഡിയാട്രിക്സ് എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങളോട്ടുകൂടിയ ചികിത്സാ സൗകര്യം ലഭ്യമാക്കുവാൻ ലക്ഷ്യമിട്ടിരുന്നോ; ലക്ഷ്യം പൂർത്തീകരിച്ചോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പരിപാടിയിൽ എത്ര ആശുപത്രികൾ വിപുലീകരിച്ചു; 2012 മാർച്ച് 31 വരെ അതിന് ചെലവഴിച്ച തുക എത്രയെന്നറിയിക്കുമോ;

(സി) പ്രസ്തുത പരിപാടി പൂർത്തീകരിക്കാനായി ഇനി എന്ത് തുക കൂടി വേണമെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഈ ബജറ്റിൽ എന്ത് തുക നീക്കിവച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

ശ്രീ. വി.എസ്. ശിവകുമാർ

(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തിലെ 14 ജില്ലയിലെ 151 ബ്ലോക്കുകളുടെ കീഴിലുള്ള 151 ആശുപത്രികളിൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ആരോഗ്യവകുപ്പ് ഡയറക്ടർ സമർപ്പിച്ച പ്രപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. പ്രസ്തുത പ്രപ്പോസലിൽ പരാമർശിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ലഭ്യമായ സൗകര്യങ്ങളുടെയും ഉപകരണങ്ങളുടെയും സ്റ്റാഫിന്റെ വിശദാംശങ്ങൾ അടങ്ങുന്ന ഫെസിലിറ്റി സർവ്വെ തയ്യാറാക്കാനുള്ള നടപടി ആരംഭിക്കുകയുണ്ടായി.

<u>(ബി)യും (സി)യും</u>

മേൽപറഞ്ഞ പദ്ധതിക്ക് പൂർണ്ണരൂപമാകാത്തതിനാൽ 2011-2012 സാമ്പത്തിക വർഷത്തിൽ പ്രത്യേക ഫണ്ട് ഒന്നും ചെലവഴിച്ചിട്ടില്ല. എന്നാൽ ഈ ആശുപത്രികളുടെയും മറ്റ് ആരോഗ്യ സ്ഥാപനങ്ങളുടെയും വികസനപ്രവർത്തനങ്ങൾ ആരോഗ്യവകുപ്പിൽ ലഭ്യമായ വിവിധ ഫണ്ടുകൾ വഴിയും എൻ. ആർ.എച്ച്.എം വഴിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയും നടന്നു വരുന്നുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും നീക്കിവച്ചിട്ടില്ല.

B.V.Kumar

സെക്ഷൻ ഓഫീസർ